ദേശാഭിമാനി

06 November 2025




നാലാമത് ആഗോള മറൈൻ സിമ്പോസിയമായ മീകോസിനോട് അനുബന്ധിച്ച് നടക്കുന്ന വേവ്സ് ഓഫ് ആർട്ട് ലൈവ് പെയിന്റിങ്

# ചെറുകിട മത്സ്യമേഖലയിലെ ജീവിതം പകർത്തി ലൈവ് പെയിന്റിങ്

**കൊച്ചി**

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടക്കുന്ന ആഗോള മറൈൻ സിമ്പോസിയമായ മീകോസിനോട് അനുബന്ധിച്ച് സംഘടിപ്പിച്ചിരിക്കുന്ന വേവ്സ് ഓഫ് ആർട്ട് ലൈവിൽ ചിത്രകാരന്മാർ ചെറുകിട മത്സ്യബന്ധനമേഖലയിലെ ജീവിതം വരച്ചിടുന്നു. എട്ട് കലാകാരൻമാരാണ് തത്സമയ ചിത്രരചന നടത്തുന്നത്. ബേ ഓഫ് ബംഗാൾ പ്രോഗ്രാം ഇന്റർഗവൺമെന്റൽ ഓർഗനൈസേഷന്റെ (ബിഒബിപി) നേതൃത്വത്തിലാണ് പ്രൊഫഷണൽ കലാകാരന്മാരെയും കലാപ്രേമികളെയും സഹകരിപ്പിച്ച് 'വേവ്സ് ഓഫ് ആർട്ട്' അരങ്ങേറുന്നത്. കലാകാരൻമാരിൽ ആറുപേർ കൊച്ചിയിൽ നിന്നും രണ്ടുപേർ ചെന്നൈയിൽനിന്നുമുള്ളവരാണ്. ബിഒബിപി ആർട്ടിസ്റ്റ് ഡോ. എസ് ജയരാജനാണ് വേവ്സ് ഓഫ് ആർട്ട് ഒരുക്കിയത്.